## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5804

09/07/2012-ൽ മറുപടി നൽകേണ്ടത്

### 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ കൊല്ലം ജില്ലയിൽ നിന്നുള്ള അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ.അടൂർ പ്രകാശ് (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കേരള റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ കൊല്ലം ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | (എ) Zero landless (Citizens) Kerala-2015 പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ 03.07.2012 വരെ 38,175 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷ സ്വീകരിക്കുന്ന കാലാവധി കഴിഞ്ഞുവോ ; അർഹരായവർക്ക് അപേക്ഷ നൽകുവാൻ സാവകാശം ലഭ്യമാക്കുമോ ; | (ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 18.06.2012 ആയി തീരുമാനിച്ചിരുന്നുവെങ്കിലും ഒരു മാസം കൂടി ദീർഘിപ്പിച്ചുകൊണ്ട് 22.06.2012 ലെ ജി.ഒ.(എം.എസ്) നം.250/2012/റവന്യൂ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) കൊല്ലം ജില്ലയിലെ നിലവിലുള്ള അപേക്ഷകർക്ക് നൽകുവാൻ എത്ര ഹെക്ടർ ഭൂമിയാണ് ആവശ്യമുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ; | (സി) ഭൂരഹിതരായ കുടുംബത്തിനും ഭവന നിർമ്മാണത്തിന് 3 സെന്റ് ഭൂമി വീതം പതിച്ച് നൽകാനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ലഭിക്കുന്ന അപേക്ഷകളിന്മേൽ പ്രാഥമിക പരിശോധന പൂർത്തിയാക്കി 15.08.2012 ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മാത്രമേ അർഹരായവരുടെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി ഏതൊക്കെ വിധത്തിൽ ഭൂമി കണ്ടെത്തുവാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എങ്ങനെയെന്ന് അറിയിക്കുമോ; | (ഡി) പരിശോധിച്ചിട്ടുണ്ട്. നിലവിൽ ഏറ്റെടുക്കാതെ കിടക്കുന്ന മിച്ചഭൂമി ഏറ്റെടുത്തും, ലാൻറ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള പതിച്ച നൽകാവുന്ന ഭൂമിയിൽ നിന്നുമാണ് പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ഇ) അനർഹരായ നിരവധിയാളുകൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ഇ) പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിന്മേൽ വില്ലേജാഫീസർ, തഹസിൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി അർഹരായവരുടെ ലിസ്റ്റ് 15.08.2012 ന് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെടുന്നതും താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ തെരഞ്ഞെടുക്കുന്ന അർഹരായവർക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം ഭൂമി പതിച്ച നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ